10 Rs. COURT FEE ₹10 भारत INDIA दस रुपये TEN RUPEES

17935

## വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ.

From, Vishnu G
Gokulam
Malakkara P.O, Edayaranmula
Pathanamthitta

To The public Information officer
(Social justice department)
Vikas Bhavan - Trivandrum - 695033

**വിഷയം : വിവരാവകാശ അപേക്ഷ LDC ഒഴിവുകളെ സംബന്ധിച്ചു.** വിവരാവകാശ നിയമപ്രകാരം താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കാൻ അപേക്ഷിക്കുന്നു.

1 - Social justice ഡിപ്പാർട്ട്മെന്റിൽ താങ്കളുടെ അധികാരപരിധിയിൽ വരുന്ന ഓഫീസുകളിൽ 2018 മാർച്ച 31 മുതൽ 2019 മേയ് 31 വരെ നേരിട്ടോ ,തുടർ പ്രമോഷനുകൾ വഴി entry cadre ൽ ക്ലർക്ക് ഒഴിവുകൾ ഉണ്ടാകാൻ കാരണമാകുന്നതോ ആയ എത്ര വിരമിക്കലുകൾ ഉണ്ട് ?

*(നേരിട്ടു തസ്തികയിൽ നിന്നും വിരമിക്കുന്നതു കൂടാതെ, ഉയർന്ന തസ്തികയിൽ നിന്നും ഒരാൾ വിരമിക്കുകയും തുടർന്ന് താഴെ തട്ടിൽ നടക്കുന്ന പ്രമോഷനുകളുടെ ഫലമായി ക്ലർക്ക് ഒഴിവുകൾ ഉണ്ടാകുകയും ചെയ്യുന്നുണ്ട്. അത്തരം പ്രമോഷനുകൾ ക്കു കാരണം ആയേക്കാവുന്ന വിരമിക്കൽ ഒഴിവുകളുടെ എണ്ണം കൂടിയാണ് ആണ് ചോദ്യത്തിൽ പരാമർശിക്കുന്നത്. അല്ലാത്തതായ വിരമിക്കലുകൾ ഉദാ: സാങ്കേതിക തസ്തികകൾ, അദ്ധ്യാപകർ,ലാസ്റ്റ് ഗ്രേഡ് etc... തുടങ്ങിയ വിരമിക്കൽ ഒഴിവുകൾ നൽകേണ്ടതില്ല.)*

2 - താങ്കളുടെ ഡിപ്പാർട്ട്മെന്റിലെ LD ക്ലർക്ക് മാരുടെ നിലവിൽ ഉള്ള സീനിയോറിറ്റി ലിസ്റ്റു പ്രകാരം ,ആലപ്പുഴ ജില്ലാ psc ഓഫീസിൽ നിന്നും അഡ്വൈസ് ചെയ്യപ്പെട്ട LD ക്ലർക്ക് മാരിൽ ആദ്യത്തെ 20 പേരുടെ സീനിയോറിറ്റി ക്രമവും(സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഉള്ള സ്ഥാനം) അവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഉള്ള പേരുവിവരങ്ങളും നൽകുക.

3 - ആലപ്പുഴ ജില്ലയിൽ താങ്കളുടെ അധികാരപരിധിയിൽ വരുന്ന ഓഫിസുകളിൽ 2018 മാർച്ച് 31 നു ശേഷം എത്ര LDC / തതുല്യ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്...? ഈ ഒഴിവുകൾ PSC ക്കു റിപ്പോർട്ട് ചെയ്യുകയോ മറ്റു ഏതെങ്കിലും തരത്തിൽ നികത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഇവ സംബന്ധിച്ച വിവരങ്ങൾ നൽകുക. (ഫയൽ/ഓർഡർ നമ്പർ , തീയതി എന്നിവ)

4- 2018 മാർച്ച് 31 മുതൽ ഇന്നേ ദിവസം വരെ താങ്കളുടെ ഡിപ്പാർട്ട്മെന്റിൽ ആലപ്പുഴ ജില്ലയിൽ LDC തസ്തികയിൽ നേരിട്ടോ അല്ലെങ്കിൽ തുടർ പ്രമോഷനുകൾ വഴി entry cadre ൽ ക്ലർക്ക് ഒഴിവുകൾ ഉണ്ടാകാൻ കാരണമായെക്കുന്നതോ ആയ എത്ര വിരമിക്കലുകൾ ഉണ്ടായിട്ടുണ്ട് ..?

5 - 2017- 2018 കലണ്ടർ വർഷത്തിൽ ഉണ്ടായ LDC ഒഴിവുകളിൽ എത്ര ശതമാനം ഒഴിവുകൾ ആശ്രിത നിയമനം, അന്തർ ജില്ലാ സ്ഥലമാറ്റം , അന്തർവകുപ്പു സ്ഥലമാറ്റം, ലാസ്റ്റ് ഗ്രേഡ് പ്രമോഷൻ എന്നിവ വഴി നികത്തിയിട്ടുണ്ട് (ഓരോന്നിന്റെയും വിവരങ്ങൾ പ്രത്യേകമായി നൽകുക)

6 - ഒരു കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന LDC ഒഴിവുകളിൽ എത്ര ശതമാനം ഒഴിവുകൾ ആശ്രിത നിയമനം, അന്തർ ജില്ലാ സ്ഥലമാറ്റം , അന്തർവകുപ്പു സ്ഥലമാറ്റം, ലാസ്റ്റ് ഗ്രേഡ് പ്രമോഷൻ എന്നിവ വഴി നികത്തുന്നതിനായി അനുവദിക്കപ്പെട്ടിരിക്കുന്നത് (ഓരോന്നിന്റെയും വിവരങ്ങൾ പ്രത്യേകമായി നൽകുക.)

7 - ചോദ്യം നമ്പർ 6 ൽ പരാമർശിക്കപ്പെട്ട രീതിയിൽ LDC ഒഴിവുകൾ നികത്തിയപ്പോൾ നിലവിൽ ഉള്ള നിയമങ്ങൾ അനുശാസിക്കപ്പെടുന്ന ശതമാനത്തിൽ കവിഞ്ഞു ഒഴിവുകൾ നികത്തിയിട്ടുണ്ടെങ്കിൽ ഇവ സംബന്ധിച്ചുള്ള ഓർഡറുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുക.

8 -2018 ജനുവരി ഒന്നു മുതൽ ഇന്നേ ദിവസം വരെ നിലവിൽ വന്ന ഒഴിവുകളുടെ എത്ര ശതമാനം ആണ് ആശ്രിത നിയമനം, അന്തർ ജില്ലാ സ്ഥലമാറ്റം , അന്തർവകുപ്പു സ്ഥലമാറ്റം, ലാസ്റ്റ് ഗ്രേഡ് പ്രമോഷൻ എന്നിവ വഴി നികത്തിയിട്ടുണ്ട് (ഓരോന്നിന്റെയും വിവരങ്ങൾ പ്രത്യേകമായി നൽകുക)

(ചോദ്യം നമ്പർ 5, 6,7,8, എന്നിവയിലെ ഏതെങ്കിലും നിയമങ്ങളുടെ വിവരങ്ങൾ സംസ്ഥാന തലത്തിൽ ആണ് കണക്കാക്കുന്നത് എങ്കിൽ വിവരങ്ങൾ ആ നിലക്കും, ജില്ലാതലത്തിൽ കണക്കാക്കുന്ന ഒഴിവു വിവരങ്ങൾ ആ നിലക്ക് ആലപ്പുഴ ജില്ലയുടേത് മാത്രമായും നൽകുക)

9 - 2018 മാർച്ച് 31 നു ശേഷം നിലവിൽ വന്ന ഏതെങ്കിലും ഒഴിവു psc ക്കു റിപ്പോർട്ട് ചെയ്യാൻ സേവന അവകാശ പ്രകാരം ഉള്ള കാലയളവിൽ കൂടുതൽ എടുത്തിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുക. (ഒഴിവുകൾ നിലവിൽ വന്ന തീയതി, ഒഴിവു നിലവിൽ വരാൻ കാരണമായ പ്രമോഷൻ,വിരമിക്കൽ എന്നിവ നിലവിൽ വന്ന തീയതി, പ്രസ്തുത പ്രമോഷൻ, വിരമിക്കൽ എന്നിവ എന്നു നിലവിൽ വന്നു എന്നതിനെ സൂചിപ്പിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ)

LDC എന്ന തസ്തികയുടെ പേര് താങ്കളുടെ ഡിപ്പാർട്മെന്റിൽ സമാനമായ മറ്റെതെങ്കിലും ആണെങ്കിൽ വിവരങ്ങൾ ആ തസ്തികയെ സംബന്ധിച്ചതായി കണക്കാക്കി നൽകേണ്ടതാണ്. ***വിവരങ്ങൾ ഏതെങ്കിലും ആവശ്യപ്പെട്ട രീതിയിൽ ലഭ്യമല്ല എങ്കിൽ അവ ലഭ്യമായ രീതിയിൽ നൽകേണ്ടതാണ്. വിവരങ്ങൾ ഏതെങ്കിലും താങ്കളുടെ ഓഫീസിൽ ലഭ്യമല്ല, താങ്കളുടെ അധികാര പരിധിയിൽ പെട്ട മറ്റു ഓഫീസുകളിൽ ലഭ്യമാണ് എങ്കിൽ ആർ.ടി. ഐ ആക്ട് സെക്ഷൻ 6(3) പ്രകാരം 5 ദിവസത്തിനുള്ളിൽ അപേക്ഷയുടെ പകർപ്പ് പ്രസ്തുത ഓഫീസിലേക്ക് അയച്ചു കൊടുക്കുവാനും ആ വിവരം എന്നെ രേഖാമൂലം അറിയിക്കാനും അപേക്ഷിക്കുന്നു. ഈ അപേക്ഷയെ സംബന്ധിച്ച എല്ലാ വിധ രേഖകളും / റെക്കോർഡുകളും / രജിസ്റ്റർ ബുക്കുകളും (ഡിജിറ്റൽ രേഖകൾ ഉൾപ്പെടെ) വേണ്ടി വന്നാൽ നേരിട്ടു പരിശോധിക്കുന്നതിനും ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിനും RTI ആക്ട് സെക്ഷൻ 2(j) പ്രകാരം അവസരം നൽകേണ്ടതാണ്***

വിശ്വസ്തതയോടെ

തീയതി: Chengannur

സ്ഥലം: 13-6-18